4. ശ്രീ. ബാലകൃഷ്ണൻ നായർ - പ്രോജക്ട് കോ-ഓർഡിനേറ്റർ, കൊട്ടാരക്കര.

5. ശ്രീ. കെ. പി. ദാമോദരൻ - പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, പാലാ.

6. ശ്രീ. എം. ടി. വർഗ്ഗീസ് - പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, അടൂർ.

പോള വാരുവാൻ ഇറങ്ങി മരിച്ചവരുടെ കുടുബാംഗങ്ങൾക്ക് സാമ്പത്തിക സഹായം

25 (3215) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ നാട്ടകം പഞ്ചായത്തിലെ മൂലേടംതോട്ടിൽ പോള വാരുവാൻ ഇറങ്ങിയ തൊഴിലാളികളിൽ മരിച്ചവരുടെ കുടുംബങ്ങൾക്കും രോഗ ബാധിതരായി ആശുപത്രിയിൽ കഴിയുന്നവർക്കും സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) മരിച്ചവരുടെ കുടുംബങ്ങൾക്കും ആശുപത്രിയിൽ പ്രവേശിപ്പിച്ചവർക്കും അടിയന്തിര സാമ്പത്തിക സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കോട്ടയം ജില്ലയിൽ നാട്ടകം പഞ്ചായത്തിലെ മുലേടം തോട്ടിൽ പോള വരുവാൻ ഇറങ്ങിയ തൊഴിലാളികളിൽ മരണമടഞ്ഞ രണ്ടു പേരുടെ കുടുംബങ്ങൾക്ക് 30,000 രൂപ വീതവും ആശുപത്രിയിൽ പ്രവേശിപ്പിച്ച 25 പേർക്ക് 500 രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്.

എം. പി. മാരുടെ പ്രദേശിക വികസന പദ്ധതി

26 (3216) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്റംഗങ്ങളുടെ പ്രദേശിക വികസന പദ്ധതി അനുസരിച്ച് 1998-99, 1999-2000 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഓരോ എം. പി. മാരുടെയും നിർദ്ദേശപ്രകാരം ഏതൊക്കെ പദ്ധതികൾക്ക് തുക അനുവദിച്ച് കളക്ടർമാർ ഭരണാനുമതി നല്കിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഇനിയും ഭരണാനുമതി നല്കാൻ അവശേഷിക്കുന്ന ഓരോ പദ്ധതികളുടെയും വിശദവിവരം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly